പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 427 09.06.2015 ൽ മറുപടിക്ക്

## സബർബൻ ട്രെയിൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ഉബൈദുള്ള : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സബർബൻ ട്രെയിൻ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) യും (ബി) യും | സബർബൻ റയിൽവേ പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/ EMU റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് 01.01.2013 - ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതു മേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി, 50% തുല്യ പങ്കാളിത്തത്തിൽ സംസ്ഥാന സർക്കാരും ഇൻഡ്യൻ റയിൽവേയും കൂടി ചേർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായി ഒരു കരട് ധാരണാ പത്രവും (MOU) കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ മറുപടി പ്രതീക്ഷിക്കുന്നു. |
| (ബി) | ഇക്കാര്യത്തിൽ നാളിതു വരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ